## എന്റെ മണ്ണ്, എന്റെ അടുക്കളയ്ക്ക്, എന്റെ പച്ചക്കറി... പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടി കുടുംബശ്രീ കുടുംബങ്ങൾ

എറണാകുളം: ലോക്ക് ഡൗൺ കാലത്ത് പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നത് ലക്ഷ്യമിട്ട് ജില്ലയിൽ കുടുംബശ്രീ വനിതകൾക്കായി സംഘടിപ്പിച്ച കാർഷിക ചലഞ്ചിന് ആവേശകരമായ വരവേല്പ്. മത്സരം തുടങ്ങി ഒരു മാസമാകുമ്പോൾ സംഘക്കൃഷി ഗ്രൂപ്പുകളിലെ നല്ലൊരു ശതമാനം സ്ത്രീകളും പച്ചക്കറി കൃഷിയിൽ വ്യാപൃതരായി കഴിഞ്ഞു.

ബ്ളോക്ക് തലത്തിലാണ് മത്സരം. ആകെ പതിനാല് ബ്ളോക്കുകളാണ് ജില്ലയിലുള്ളത്. ഇവയുടെ കീഴിലുള്ള 101 സി.ഡി.എസുകളിൽ നിന്നുള്ള സംഘക്കൃഷി ഗ്രൂപ്പിലെ വനിതകളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. ഇതിനകം 2095 പേർ മത്സരത്തിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. വ്യക്തിഗത ഇനത്തിൽ 1480 പേരും ഗ്രൂപ്പ് ഇനത്തിൽ 616 രജിസ്ട്രേഷനും നടന്നിട്ടുണ്ട്.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടച്ചിടൽ നീണ്ടതോടെയാണ് കുടുംബശ്രീ കുടുംബാംഗങ്ങളുടെ വീട്ടുമുറ്റങ്ങളിൽ പച്ചക്കറി കൃഷി എന്ന ആശയം ഉടലെടുത്തത്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലാണ് ആദ്യമായി കാർഷിക ചലഞ്ച് പദ്ധതിക്കു തുടക്കമിട്ടത്. ലോക്ക് ഡൗൺ കാലത്ത് കർഷക വനിതകളെ കൃഷിയിൽ സജീവമാക്കുന്നതിനും അതോടൊപ്പം തന്നെ തങ്ങളുടെ ഗാർഹികാവശ്യങ്ങൾക്കായി വീട്ടു മുറ്റത്തു തന്നെ വിവിധ പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് പര്യാപ്തമാക്കുകയാണ് കാർഷിക ചലഞ്ചിന്റെ ലക്ഷ്യം.

അണുകുടുംബങ്ങൾ വ്യാപകമാവുകയും ജനജീവിതം ഫ്ളാറ്റുകളിലേക്ക് കുടിയേറുകയും ചെയ്തതോടെ മലയാളിയുടെ വീട്ടുമുറ്റത്തു നിന്നും അപ്രത്യക്ഷമായ അടുക്കളത്തോട്ടം തിരികെ കൊണ്ടു വരാനാണ് കുടുംബശ്രീയുടെ പരിശ്രമങ്ങൾ.

ജില്ലയിൽ കുടുംബശ്രീയുടെ കീഴിൽ 5700 സംഘക്കൃഷി ഗ്രൂപ്പുകളാണുള്ളത്. ഇതിൽ പകുതിയിലേറെ പേരും പച്ചക്കറി ചലഞ്ചിൽ പങ്കെടുത്ത് പുതിയൊരു കാർഷിക സംസ്കാരത്തിന് വിത്തിട്ടു കഴിഞ്ഞു. സ്വന്തം വീട്ടു മുറ്റത്ത് തനിച്ചോ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തിയോ ആണ് പലരും കൃഷി ചെയ്യുന്നത്. ചീര, വഴുതന, വെണ്ട, പയർ, പാവൽ എന്നിവയാണ് പ്രധാന കൃഷികൾ. മുളപ്പിച്ച് ഉപയോഗിക്കുന്ന മൈക്രോ ഗ്രീൻ പച്ചക്കറികൾ, ഗ്രോബാഗ്, ടെറസ് ഫാമിങ്ങ് എന്നിവ ഉൾപ്പെടെ വിവിധ കൃഷിരീതികളും പലരും അവലംബിക്കുന്നുണ്ട്.

മത്സരത്തിന്റെ രജിസ്ട്രേഷനും മറ്റും സംബന്ധിച്ച് സംശയങ്ങൾ ഉള്ളവർക്ക് ഓരോ ബ്ളോക്കിന്റെയും ചുമതല വഹിക്കുന്ന കോർഡിനേറ്റർമാരെ വിളിച്ച് സഹായം തേടാം. നിലമൊരുക്കൽ, വിത്തിടൽ, പരിപാലനം എന്നിവയാണ് കൃഷിയുടെ മൂന്നുഘട്ടങ്ങൾ. ജില്ലയിലെ വിവിധ സി.ഡി.എസുകളിലുള്ള കർഷക വനിതകൾ മൂന്നു ഘട്ടങ്ങളിലായി നടത്തുന്ന മത്സരത്തിന്റെ ഓരോ ഘട്ടവും വീഡിയോയിൽ ചിത്രീകരിച്ച് ജില്ലാതലത്തിൽ രൂപീകരിച്ച ലിങ്കിലേക്ക് അയച്ചു കൊടുക്കുന്നു. കൂടാതെ മത്സരാർത്ഥിയെ സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതും കുടുംബശ്രീ വനിതകൾ തന്നെയാണ്. ബ്ളോക്ക് തലത്തിലെ ലഭിക്കുന്ന വീഡിയോകൾ പരിശോധിച്ച് വിജയികളെ തിരഞ്ഞെടുത്ത് ജില്ലാതലത്തിൽ ഏറ്റവും മികച്ച മൂന്നു കർഷകരെ വിദ ഗ്ധ പാനലിന്റെ സഹായത്തോടെ കണ്ടെത്തും. കൂടാതെ ഫീൽഡ്തല സന്ദർശനം കൂടി

നടത്തിയ ശേഷമായിരിക്കും മികച്ച കർഷകയെയും കർഷക സംഘങ്ങളെയും തിരഞ്ഞെടുക്കുക. വിജയികൾക്ക് ക്യാഷ് പ്രൈസും നൽകുന്നുണ്ട്.